# ഇര

ജിനേഷ് മുപ്പത്തിയഞ്ച് വയസ്സ്,

ഷേർളി, ഭാര്യ, മുപ്പത് വയസ്സ്,

ജിഷ, മകൾ, അഞ്ചു വയസ്സ്,

ഇന്ന്, നേരം പരപരാ വെളുത്തപ്പോൾ അവർ മൂന്നു പേരും സ്വന്തം മാരുതി കാറിൽ വീടു വിട്ടിരിക്കുകയാണ്.

പരപര വെളുക്കുമ്പോൾ തന്നെ വീട്ടിൽ നിന്നിറങ്ങുന്നതിനു വേണ്ടി ഷേർളി വെളുപ്പിന് മൂന്നു മണിക്ക് ഉണർന്നതാണ്, ആഹാരം പാകം ചെയ്യാൻ. വീട്ടിൽ അവരെ കൂടാതെ ജിനേഷിന്റെ അപ്പനും അമ്മയുമുണ്ട്. കറക്കുന്നൊരു പശുവും മൂന്ന് ആടുകളും കരയ്ക്കുക മാത്രം ചെയ്യുന്നൊരു നായയും എവിടെ നിന്നോ ഒരു പൂച്ചത്തള്ളയെത്തി പെറ്റുപെരുകി ഇപ്പോൾ നാലു പൂച്ചകളും മൂന്നു പൂച്ചകുട്ടികളുമടങ്ങുന്നൊരു പൂച്ച ഫാമിലിയുമുണ്ട്.

മൂന്നു മണിക്ക് ഷേർളിയെ ജിനേഷാണ് വിളിച്ചുണർത്തിയത്. അതിന് ശേഷം അവനും ഉറങ്ങിയിട്ടില്ല. അവനും വെളുപ്പിന് ചെയ്യാൻ വീട്ടു ജോലികളുണ്ട്.

ഇരുവശവും തളർന്നു മേലോട്ട് നോക്കി കിടക്കുന്ന അപ്പന്റെ ബഡ്പാൻ ക്ളീനിങ്ങും യൂറിൻ ബാഗ് ഒഴിവാക്കലും അവന്റെ ദിനചര്യകളിൽ പെടും. അതും കഴിഞ്ഞ് തൊഴുത്ത് വൃത്തിയാക്കി പശുവിനെ കറന്നുകൊണ്ടിരുന്നപ്പോൾ ആദ്യ കുർബ്ബാനയുടെ പള്ളി മണി കേട്ടു. അപ്പോൾ മണി അഞ്ചായി.

എന്നും ആറുമണിക്ക് മുക്കിലെ പലചരക്ക് കട തുറക്കും,ജിനേഷ് . എന്നിട്ടും കച്ച വടം പരാജയമാണെന്ന് അവൻ പറയും, നഗരത്തിൽ റിലയൻസും മറ്റു മൂന്നു കുത്തകകളും സൂപ്പർ മാർക്കറ്റുകൾ തുടങ്ങിയ ശേഷം. വാഹനമുള്ളവരും മാസ ശമ്പളം കിട്ടുന്നവരും സൂപ്പർമാർക്കറ്റുകളാണ് ഉപയോഗിക്കുന്നത്. കൂലിപ്പണിക്കാരും കടം പറ്റുന്നവരുമാണ് ജിനേഷിന്റെ കസ്റ്റമേഴ്സ്. അവനാണെങ്കിൽ കപ്പയും ചേനയും ചേമ്പുമൊക്കെ ആവശ്യക്കാർ വന്നു നിൽകെ പറമ്പിൽ നിന്നു പറിച്ചു കൊടുക്കും, ഫ്രഷ്നസ്സിനു വേണ്ടി.

കാറ് ഹൈറേഞ്ച് വിട്ട് ഇറങ്ങുകയാണ്. മിസ്റ്റ് ലൈറ്റ് ഉണ്ടായിട്ടു കൂടി മുന്നിൽ പത്തടിയിൽ കൂടുതൽ കാണാനില്ല. വിന്റോഗ്ലാസ് താഴ്ത്തിയപ്പോൾ വിറപ്പിക്കുന്ന കുളിരും.

വൃശ്ചികമാണ്. മരങ്ങൾ ഇലകൾ കൊഴിച്ച് തപസ്സ് ചെയ്യുന്നു. ചിലതൊക്കെ തപസ്സിൽ നിന്നും ഉണർന്ന് പൂക്കൾ വിരിയിച്ചു തുടങ്ങിയിരിക്കുന്നു. അതിൽ മാവുകളും പ്ലാവുകളും കണ്ടപ്പോൾ ജിനേഷിന് സന്തോഷമായി. കടയിൽ ഇനി ഫ്രഷ് ചക്കയും മാങ്ങയും വിൽക്കാം.

നേരം പുലർന്നപ്പോൾ നാട്ടിലെത്തി. ചായക്കടയിലെ സമോവറിന്റെ തുള്ളിച്ച കണ്ടപ്പോൾ കട്ടൻ ചായ കുടിക്കാൻ മോഹം ജിനേഷിന്, ഷേർളിക്ക് താല്പര്യം തോന്നിയില്ല. മകൾ ഉറക്കവും.....

അടുത്ത പട്ടണത്തിലെത്തിയപ്പോൾ വെയിൽ നാളങ്ങൾ ജിഷമോളെ കവിളത്ത് ഉമ്മ വച്ച് ഉണർത്തി. അവരുടെ കാറിനെ കടത്തി വിടാതെ പള്ളി കഴിഞ്ഞു വന്നവർ കടന്നു പോയി. ജിഷമോൾക്ക് സന്തോഷമായി, അവൾ രണ്ടു കുഞ്ഞു ചേച്ചിമാർക്ക് ടാറ്റ കൊടുത്തു.

മൂക്കുന്ന വെയിലിലേക്ക് ഇറങ്ങി വരുന്നവർ നയന സുഖം നൽകുന്നുണ്ടെന്ന് ജിനേഷിനു തോന്നി, വസ്ത്ര വൈവിധ്യത്തിൽ, നിറക്കൂട്ടുകളിൽ.....

ഷേർളി കുന്നായ്മപ്പെട്ടു. പെണ്ണുങ്ങളങ്ങിനയേ കാണൂ എന്ന് ജിനേഷ് അവളെ കളിയാക്കി. പ്രദർശനപരമായിട്ടുള്ളതെല്ലാം കാണാൻ വേണ്ടിയാണെന്നാണ് അവന്റെ വാദം.

“ഓ കണ്ടോ...”

ആ പറഞ്ഞതിൽ ഷേർളിയെന്ന ഭാര്യയുടെ സ്വാർത്ഥതയുണ്ടെന്ന് ജിനേഷ് ഉള്ളാലെ പറഞ്ഞു, മന്ദഹസിച്ചു.

ജിനേഷിന്റെ ആപ്പിൾ മൊബൈൽ ചൂളമടിച്ചപ്പോൾ ഷേർളിയാണ് എടുത്തത്.

“ഹലോ.. ആരാത്...?”

“ഞാനാ, മാളികേലെ ബിജൂ...”

“എന്നതാ ബിജു....?”

“ഇന്നെന്നാ കടയില്ലേ...?”

“ഞങ്ങളൊരു ഔട്ടിങിന് പോകുവാ...”

“എങ്ങോട്ടാ...?”

“മഹാ നഗരത്തിലേക്ക്....”

“ഓ കലക്കി...!”

യേശുദാസും ജയചന്ദ്രനും ചിത്രയും കഴിഞ്ഞ് കൊലവെറിയും അമ്മായി അപ്പം ചുട്ടതും വന്നപ്പോൾ ജിഷമോൾ തുള്ളിത്താടി.

അവൾ പറഞ്ഞു.

“പപ്പെ നമ്മക്ക് ഉച്ചക്ക് ഉസ്താദ് ഹോട്ടലിക്കേറിയാ മതി...”

“ഓ... ആയിക്കോട്ടെ....”

ഞായറാഴ്ച നഗരത്തിരക്കിന് വിധം മാറുന്നു, ആർത്തുല്ലസിച്ചു നടക്കുന്ന യുവത്വമാണെങ്ങും. ആർപ്പുവിളിയും കുരവയിടലും നടുറോഡിൽത്തന്നെ.

മൊബൈലിനെ പുണർന്നും, നുകർന്നും ഉമ്മവെച്ചും....

മുട്ടിയുരുമ്മിയും തൊട്ടുതലോടിയും....

ആഘോഷിക്കുന്ന യുവത്വം.

ഹോട്ടലിലും അവർ തന്നെയാണ് നിറയെ........

ഇടയിൽ ജിനേഷിന്റേതു പോലൊരു ഔട്ടിങ ് ഫാമിലിയുണ്ട്. അവർ അടുത്തടുത്തു തന്നെയാണ് ഇരുന്നത്.

അവിടെയിരുന്നാൽ അവർക്ക് അടുക്കള കാണാം. സുതാര്യമാക്കുന്നതിന്റെ ഭാഗമായിട്ട് ഗ്ലാസ് മറയേയുള്ളൂ...

ഭക്ഷണങ്ങൾ വേവുന്നതിന്റെ കൊതിപ്പിക്കുന്ന ഗന്ധങ്ങൾ......

യൂണിഫോമിട്ട്, കിന്നരി വച്ച പാചകക്കാരും പരിചാരകരും...

ഷെഫ് ആന്റ് വെയിറ്റേഴ്സ്.....

ഷീയെന്ന് ബോർഡു വച്ച ടോയിലറ്റിലേക്ക് ഷേർളി നടക്കുമ്പോൾ ജിനേഷും മോളും ഓർഡർ കൊടുക്കാൻ മത്സരിക്കുക തന്നെ ചെയ്തു.

മട്ടൻ പുലാവ്, ചിക്കൻ ടിക്ക, ബീഫ് ഷെസ്വാൻ. പിഗ് വിന്താലു.....

ഷേർളി മടങ്ങിയെത്തി വളരെ നേരം കാത്തിരുന്ന ശേഷമാണ് ടേബിളിലേക്ക് വിഭവങ്ങളെത്തിയത്. ആ സമയം അവർ അടുത്ത ടേബിളുകളിൽ നോക്കിയിരുന്നു.

അവടങ്ങളിലെ മുഖഭാവങ്ങൾ, കൈവേഗതകൾ, ശബ്ദ വിന്യാസങ്ങൾ..... തീറ്റകൾക്കിടയിലും മൊബൈലിൽ പരതി നടക്കുന്നവർ.....

ടേബിൾ വ്യത്യസ്തമായ നിറങ്ങളെ, മണങ്ങളെക്കൊണ്ട് നിറഞ്ഞപ്പോൾ ജിഷമോൾക്ക് അടക്കാൻ കഴിയാതെയായി.

ഷേർളി മകൾക്ക് പ്ലേറ്റുകൾ അടുപ്പിച്ച്, വിഭവങ്ങൾ എടുത്തുകൊടുക്കുമ്പോൾ ജിനേഷിനെ ബിജു വീണ്ടും വിളിച്ചു.

“ ജിനേഷേ നീ എവിടയാ.....?”

“ ഞങ്ങള് ഭക്ഷണം കഴിക്കുവാ.... ഹോട്ടലിൽ....”

“നീയാ മെസ്സേജൊന്നു നോക്ക്...”

“എന്നതാടാ....?”

“നോക്ക്....”

ബിജുവിന്റെ സ്വരത്തിലെ ഭാവ വ്യത്യാസം ജിനേഷ് ശ്രദ്ധിച്ചു. അവൻ മെസ്സേജ് തുറന്നു.

-ഷേർളി ആ ഹോട്ടലിലെ ബാത്ത് റൂമിൽ പോകുന്ന സീനുകൾ......

അടുത്ത ടേബിളിലെ ചെറുപ്പക്കാർ ഷേർളിയേയും ജിനേഷിനെയും കൗതുകത്തോടെ നോക്കിക്കൊണ്ടിരിക്കുന്നു.

വിഹ്വലമായ ഭീതിയോടെ ഷേർളി ആ സീനുകൾ കണ്ടു.

അവളുടെ തളർന്നു പോയ കൈയിൽ നിന്നും ആപ്പിൾ നിലത്തു വീണ് ചില്ലുടഞ്ഞ്, ബാറ്ററിയകന്ന്, സിംകാർഡ് ദൂരേക്ക് തെറിച്ചു വീണു.

@@@@@@@@